**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 525-**

**2018 ജൂൺ 05 ന് മറുപടി നൽകേണ്ടിയിരുന്നത്**

സർക്കാർ ജീവനക്കാരുടെ ഭവന വായ്പ

| | ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ, എം എൽ എ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ മന്ത്രി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകി വന്നിരുന്ന ഭവന വായ്പ ( HBA) പദ്ധതിക്ക് അപേക്ഷിക്കുന്നതിന് ഈ വർഷം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകി വന്നിരുന്ന ഭവന വായ്പ ( HBA) പദ്ധതിക്ക് അപേക്ഷിക്കുന്നതിന് 2018-19 വർഷം സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | കഴിഞ്ഞ വർഷം ഭവന വായ്പ അനുവദിച്ച എല്ലാ ജീവനക്കാർക്കും തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്ക് വിതരണം ചെയ്തുവെന്നും ഇനിയെത്ര വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ; ഇത് എന്നത്തേക്ക് വിതരണം നടത്താനാകുമെന്ന് അറിയിക്കാമോ; | 2017-18 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ വായ്പയ്ക്കുള്ള ആകെ 2889 അപേക്ഷകളിൽ 344 അപേക്ഷകർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുവാനായി തുക വിവിധ വകുപ്പുകളിലേക്ക് അലോട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 2500 അപേക്ഷകർക്ക് വായ്പ അനുവദിക്കുവാനുണ്ട്. ഇവർക്ക് ഘട്ടം ഘട്ടമായി അലോട്ട്മെന്റ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പാ പദ്ധതി നിലവിലുള്ള സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി മറ്റെന്തെങ്കിലും രീതിയിൽ ഫണ്ട് കണ്ടെത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സർക്കാർ ജീവനക്കാർക്ക് ഇപ്പോൾ ലഭ്യമായികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഉറപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഭവന വായ്പ സംവിധാനം നിലവിൽ വരുന്നതുവരെ ഇപ്പോഴുള്ള സംവിധാനം തുടരും. |

**സെക്ഷൻ ഓഫീസർ**